
MONDAY 29.07.2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/07/2024

1. വർക്കല ചെറുന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെയും കൃഷി ഭവന്റെയും സംയുക്താഭിമുഖ്യത്തിൽ കർഷക ദിനമായ ചിങ്ങം ഒന്നിന് മികച്ച കർഷകരെ ആദരിക്കുന്നു. 13 വിഭാഗങ്ങളിലായുള്ള മികച്ച കർഷകരെ കണ്ടെത്തുന്നതിനായി അർഹതയുള്ള കർഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ സഹിതം ആഗസ്റ്റ് രണ്ടിന് വൈകുന്നേരം മൂന്നു മണിക്ക് മുമ്പ് ചെറുന്നിയൂർ കൃഷി ഭവനിൽ നൽകേണ്ടതാണ്

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'പൗൾട്രി മാനേജ്മെന്റ് (കോഴി, കാട, താറാവ് വളർത്തൽ)'**എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 1 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. കേരള കാർഷിക സർവകലാശാല വയനാട് ജില്ലയിലെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2023 – 24 വർഷത്തിൽ ഉൽപ്പാദിപ്പിച്ച പച്ചക്കറി തൈകൾ, തോട്ടവിള തൈകൾ, അലങ്കാര ചെടികൾ, ഫലവൃക്ഷതൈകൾ, ജൈവ നിയന്ത്രണ ഉൽപ്പന്നങ്ങൾ, മൂല്യ വർദ്ധിത ഭക്ഷ്യ വസ്തുക്കൾ, കൂടാതെ ഫാമിൽ ഉത്പാദിപ്പിച്ച വിവിധ പച്ചക്കറികളും ഫലങ്ങളും വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 04936 260421, 9496860421 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

4. മലയിൻകീഴ് പഞ്ചായത്ത് കൃഷി ഭവനിൽ അത്യുൽപാദന ശേഷിയുള്ള തെങ്ങിൻതൈ 50 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2284022 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. നേര്യമംഗലത്ത് പ്രവർത്തിക്കുന്ന എറണാകുളം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും ഗുണമേന്മയുള്ള തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് ഫാം സൂപ്രണ്ട് അറിയിച്ചു. തെങ്ങ് (WCT), അടയ്ക്ക (രത്നനഗിരി), റംബൂട്ടാൻ, മാവ്, പ്ലാവ്, നാടൻ തൈകൾ, നീലയമരി, ആടലോടകം, കരിനൊച്ചി, ഉമ്മം, ദന്തപ്പാല, കിരിയാത്ത്, ബ്രഹ്മി, പൂച്ചെടികൾ എന്നിവയാണ് വില്പനയ്ക്ക് തയ്യാറായിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് 9383472014, 9383471196 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികളിലേക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 31 വരെ നീട്ടി. www.ksheerasree.kerala.gov.in എന്ന പോർട്ടൽ വഴിയാണ് അപേക്ഷിക്കേണ്ടത്.

7. റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ പത്താം ഘട്ടം ആരംഭിച്ചു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 180 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് നവംബർ 30 വരെ രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദക സംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, ടാപ്പുചെയ്യുന്ന റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. എല്ലാ ഗുണഭോക്താക്കളും 2024-25 വർഷത്തെ ഭൂനികുതി അടച്ച രസീത് സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. ധനസഹായത്തിനായി സമർപ്പിക്കുന്ന സെയിൽസ് ഇൻവോയ്സുകൾ/ബില്ലുകൾ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

**കാർഷിക നിർദ്ദേശം – കൂർക്ക കൃഷി**

8. കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് കൃഷിക്ക് അനുയോജ്യമായ ഒരു കിഴങ്ങു വർഗവിളയാണ് കൂർക്ക. കേരളത്തിൽ പ്രധാനമായും മധ്യകേരളത്തിൽ ഒരു പ്രധാന മഴക്കാല കിഴങ്ങുവർഗ്ഗവിളകൂടിയാണ് കൂർക്ക. ഏറ്റവും ലളിതവും ചെലവുകുറഞ്ഞതുമായ കൃഷിയാണ് കൂർക്കയുടേത്. ഇതിനായി ഏപ്രിൽ മാസാവസാനത്തോടുകൂടി കൃഷിപ്പണികൾ തുടങ്ങുന്നു. ഇങ്ങനെ ഒരു ഏക്കർ സ്ഥലത്തേയ്ക്ക് നടുന്നതിനാവശ്യമായ തലകൾ/തണ്ടുകൾ ലഭിക്കുന്നതിനായി ഏകദേശം 70 മുതൽ 80 കിലോ കിഴങ്ങ് നഴ്സ്സറിയിലേക്ക് വേണ്ടിവരും. തയ്യാറാക്കിയ വാരങ്ങളിൽ ഒരു ചാൺ അകലത്തിൽ കിഴങ്ങുകൾ നടാം. ആവശ്യാനുസാരം നനച്ചുകൊണ്ട് നഴ്സറി പരിപാലിക്കേണ്ടതാണ്. അമ്ളാംശം കൂടുതലുള്ള മണ്ണിൽ വളപ്രയോഗത്തിന് രണ്ടാഴ്ച്ചമുൻപായി ഏക്കറിന് 100 കിലോ മുതൽ 250 കിലോ വരെ കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് ചേർത്തുകൊടുക്കണം. കൂർക്ക തലകൾ 30 സെന്റീമീറ്റർ അകലത്തിൽ തടങ്ങളിൽ കിടത്തി നടുന്നു. നട്ട് 45 ദിവസത്തിനുശേഷം, കളകൾ നീക്കം ചെയ്യുകയും മേൽവളമായി 26 കിലോ യൂറിയയും 40 കിലോ പൊട്ടാഷ് വളവും ചേർത്ത് മണ്ണുകയറ്റി കൊടുക്കണം. കൂർക്കയിൽ കീടാക്രമണം നിയന്ത്രിക്കുന്നതിനായി വേപ്പെണ്ണ എമൽഷൻ (20 മില്ലി വേപ്പെണ്ണ + 20 ഗ്രാം വെളുത്തുള്ളി + 5 ഗ്രാം ബാർ സോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. വേനൽക്കാലത്ത് കൃഷിസ്ഥലം ആഴത്തിൽ കിളച്ച് സൂര്യതാപീകരണത്തിനു വിധേയമാക്കുക. നിമാ വിരകളുടെ അക്രമണം

കുറയ്ക്കുന്നതിനായി ഒരു കെണിവിളയായി മധുരക്കിഴങ്ങ് കൃഷിചെയ്യാവുന്നതാണ്. വിളയുടെ അവശിഷ്ടങ്ങൾ വേരോടെ പിഴുത് കത്തിച്ചുകളയുക. നടീൽ വസ്തുക്കൾ വെള്ളാനിക്കര പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ ലഭ്യമാണ്. Contact no. 9188248481

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം